**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 440** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>ലോകായുക്ത ഉപലോകായുക്ത യോഗം വിളിച്ച് ചേർക്കുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** സ്വതന്ത്രമായും നീതിപൂർവ്വമായും പ്രവർത്തിക്കേണ്ട ലോകായുക്ത, ഉപലോകായുക്ത എന്നിവയുടെ യോഗം വിളിച്ച് ചേർക്കപ്പെട്ടത് സർക്കാർ അറിവോടെയാണോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ലോക് ആയുക്തയുമായി ബന്ധപ്പെട്ട് സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള വിവിധ പ്രൊപ്പോസലുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി, ലോക് ആയുക്തയുടെ അഭ്യർത്ഥന പ്രകാരം 23.09.2026 ന് ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. യോഗത്തിൽ ലോക് ആയുക്തയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും, സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൻമേൽ സ്വീകരിക്കേണ്ട തുടർനടപടികളും വിശദമായി ചർച്ച ചെയ്തു.

**(ബി)** മുഖ്യമന്ത്രിയും മന്ത്രിമാരും നിയമസഭാ സാമാജികരും സർക്കാർ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന പൊതുസേവകർക്ക് എതിരെയുള്ള അഴിമതി, സ്വജനപക്ഷപാതം, അധികാര ദുർവിനിയോഗം തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കേണ്ട ചുമതലയുള്ള ലോകായുക്ത, ഉപലോകായുക്ത എന്നിവരുടെ യോഗം വിളിച്ച് ചേർത്തതിന്റെ ഉദ്ദേശ്യമെന്തെന്നും പ്രസ്തുത യോഗം സർക്കാർ തീരുമാനപ്രകാരമാണോ വിളിച്ച് ചേർത്തതെന്നും യോഗത്തിൽ ചർച്ച ചെയ്യപ്പെട്ട വിഷയങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** ലോക് ആയുക്തയുമായി ബന്ധപ്പെട്ട് സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള വിവിധ പ്രൊപ്പോസലുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനായി, ലോക് ആയുക്തയുടെ അഭ്യർത്ഥന പ്രകാരം 23.09.2026 ന് ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. യോഗത്തിൽ ലോക് ആയുക്തയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും, സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളിൻമേൽ സ്വീകരിക്കേണ്ട തുടർനടപടികളും വിശദമായി ചർച്ച ചെയ്തു.

**സെക്ഷൻ ഓഫീസർ**